വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) 14/2003/ജി.ഇ.ഡി.എൻ. എന്ന ഉത്തരവ്

105 (3664) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജി.ഒ.(എം.എസ്.)14/2003/ജി.ഇഡിഎൻ. എന്ന നമ്പരിൽ ഇറക്കിയ ഉത്തരവിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) എത്ര സ്കൂളുകൾക്കാണ് പ്രസ്തുത ഉത്തരവ് ബാധകമാവുക ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് പ്രസ്തുത ഉത്തരവ് ശരിയായി പരിശോധിച്ച ശേഷമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി) 35 സ്കൂളുകൾക്കാണ് ഈ ഉത്തരവ് ബാധകമാവുക. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

വി.എച്ച്.എസ്.സി. ഡയറക്ടറേറ്റ് നടത്തുന്ന താൽക്കാലിക നിയമനങ്ങൾ

106 (3665) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.സി. ഡയറക്ടറേറ്റ് നടത്തുന്ന താൽക്കാലിക നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സീനിയോറിറ്റി ലിസ്റ്റ് മറി കടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) വി.എച്ച്.എസ്.സി-യിൽ വിവിധ വിഷയങ്ങളിലേക്കുള്ള ലക്ചറർമാരുടെ താൽക്കാലിക നിയമനങ്ങളിൽ 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ നിയമിച്ചവരുടെ പേരു വിവരവും അവരുടെ വിഷയങ്ങളും വ്യക്തമാക്കുമോ ;

(ഡി) താൽക്കാലിക നിയമനങ്ങളിൽ സ്ഥിരമായി ഒരേ ഉദ്യോഗാർത്ഥികൾ തന്നെ കടന്നു കൂടുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് തടയുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വി.എച്ച്.എസ്.സി-യിൽ വിവിധ വിഷയങ്ങളിലേക്കുള്ള ലക്ചറർമാരുടെ താൽക്കാലിക നിയമനങ്ങളിൽ 2001-02, 2002-03 എന്നീ വർഷങ്ങളിൽ നിയമിച്ചവരുടെ പേരുവിവരം ശേഖരിച്ച് വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പ്ലസ് വൺ ക്ലാസിലേക്ക് അനുവദിക്കപ്പെട്ട സീറ്റുകൾ

107 (3666) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷ എത്ര വിദ്യാർത്ഥികൾ എഴുതി ; എത്ര വിദ്യാർത്ഥികൾ വിജയിച്ചു ;

(ബി) 2002-03 പ്ലസ് വൺ ക്ലാസിലേക്ക് എത്ര സീറ്റാണ് സർക്കാർ അനുവദിച്ചത് ; ഇതിൽ എത്ര സീറ്റിൽ അഡ്മിഷൻ നടന്നു ; എത്ര സീറ്റിൽ അഡ്മിഷൻ നടന്നില്ലായെന്ന് വ്യക്തമാക്കുമോ ;

(സി) പി.ഡി.സി. നിർത്തലാക്കിയ അവസരത്തിൽ സംസ്ഥാനത്ത് ആകെ എത്ര സീറ്റാണ് ഉണ്ടായിരുന്നത് ;

(ഡി) 2002-03 അദ്ധ്യയന വർഷത്തിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ പ്ലസ് വൺ-ന് അനുവദിച്ച സീറ്റ് എത്രയാണ് ; അഡ്മിഷൻ നടന്നത് എത്രയാണ് ; സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2002 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ 581520 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. അതിൽ 349347 പേർ വിജയിച്ചു.

(ബി) 2002-03-ൽ 2,09,800 സീറ്റുകളാണ് പ്ലസ് വൺ പ്രവേശനത്തിന് ലഭ്യമായിരുന്നത്. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രീഡിഗ്രിക്ക് കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ 27,220 സീറ്റും, കേരള സർവ്വകലാശാലയുടെ കീഴിൽ 31,280 സീറ്റും ആണ് ഉണ്ടായിരുന്നത്.

(ഡി) സർക്കാർ മേഖലയിൽ 64900, എയ്ഡഡ് മേഖലയിൽ 1,11,300, അൺ എയ്ഡഡ് മേഖലയിൽ 33,600 എന്നിങ്ങനെ 2,09,800 സീറ്റുകളാണ് 2002-03-ൽ ഉണ്ടായിരുന്നത്.

ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

108 (3667) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly